ചീമേനിയിൽ ഐ.ടി. പാർക്കിനുവേണ്ടി 100 ഏക്കർ സ്ഥലം കൈമാറി ഉത്തരവായെങ്കിലും പ്രസ്തുത സർക്കാർ ഭൂമിക്കടുത്ത് മറ്റു ചില പദ്ധതികൾക്ക്കൂടി ഭൂമി കണ്ടെത്തിയിട്ടുള്ളതുകൊണ്ട് ഉടമസ്ഥാവകാശം നൽകേണ്ടുന്ന സർവ്വേ നമ്പർ സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല. കൈവശാവകാശം ലഭിക്കുന്ന മുറയ്ക്ക് അനന്തരനടപടികൾ സ്വീകരിക്കുവാൻ സാധിക്കും.

മണലൂർ നിയോജകമണ്ഡലത്തിൽ ഐ.ടി. പാർക്ക് ആരംഭിക്കുന്നതിന് നടപടി

78 (91) ശ്രീ. മുരളി പെരുനെല്ലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ എത്ര ഐ.ടി. പാർക്കുകൾ ഉണ്ട് ; അവ ഏതെല്ലാമെന്ന് അറിയിക്കുമോ ;

(ബി) പുതിയതായി ജില്ലയിൽ ഐ.ടി. പാർക്കുകൾ ആരംഭിക്കാൻ നടപടി ഉണ്ടോ എന്നറിയിക്കുമോ ;

(സി) മണലൂർ നിയോജകമണ്ഡലത്തിൽ ഐ.ടി. പാർക്ക് ആരംഭിക്കുന്നതിനു നടപടി സ്വീകരിക്കുമോ ; വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ-സി) തൃശ്ശൂർ ജില്ലയിൽ കൊരട്ടി ഇൻഫോപാർക്ക് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലില്ല.

കൊച്ചി ഇൻഫോപാർക്കിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ

79 (92) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. അടൂർ പ്രകാശ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി ഇൻഫോപാർക്കിൽ ഇപ്പോൾ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത് എന്ന് വിശദമാക്കുമോ ;

(ബി) ഇവിടെ നടപ്പിലാക്കുന്ന പദ്ധതികളിലൂടെ എത്ര തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാമെന്നാണ് കണക്കാക്കിയിരുന്നത് ;

(സി) പ്രസ്തുത പദ്ധതിയുടെ ഇപ്പോഴത്തെ പ്രവർത്തനങ്ങൾ ഓരോന്നും ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ഐ.ടി. മേഖലയിൽ എത്ര തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനായി എന്നു വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) ഇൻഫോപാർക്ക് കൊച്ചിയുടെ ഒന്നാംഘട്ടത്തിൽ 5.5 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണമുള്ള ഐ.ടി. ബിൽഡിംഗായ അതുല്യ ഐ.ടി. കോംപ്ലക്സിൽ വിവിധ കമ്പനികൾക്കായി സ്ഥലം അലോട്ട് ചെയ്യുകയും ഇതിൽ

LIBRARY ARCHIVES Kerala Legislative Assembly

ഏതാനും കമ്പനികൾ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 25000 ചതുരശ്രയടി വിസ്തീർണ്ണമുള്ള ഗസ്റ്റ് ഹൗസിന്റെ പണി പൂർത്തിയാക്കി പ്രവർത്തന സജ്ജമായിട്ടുണ്ട്. L & T, Brigade, TCS എന്നീ സ്ഥാപനങ്ങൾ അവർക്ക് പാട്ടത്തിന് നൽകിയിരിക്കുന്ന ഭൂമിയിൽ ഏകദേശം 20 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണംവരുന്ന ഐ.ടി. ബിൽഡിംഗുകളുടെ നിർമ്മാണ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. കൊച്ചി ഇൻഫോപാർക്കിന്റെ രണ്ടാംഘട്ട വികസനത്തിന്റെ ഭാഗമായി ഏറ്റെടുക്കുന്ന 160 ഏക്കറിൽ 125 ഏക്കർ സ്ഥലം ഏറ്റെടുത്തുകഴിഞ്ഞു. മാസ്റ്റർ പ്ലാൻ തയ്യാറായിട്ടുണ്ട്. 4 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണംവരുന്ന ഐ.ടി. ബിൽഡിംഗുകളാണ് നിർമ്മിക്കുന്നത്. 220 കെ. വി. സബ് സ്റ്റേഷൻ, STP, ജലവിതരണ സംവിധാനം എന്നിവ നിർമ്മിക്കുന്നതിനുള്ള നടപടികളും പൂർത്തിയായിവരുന്നു. കൊച്ചി ഇൻഫോപാർക്കിന്റെ ഒന്നും രണ്ടുംഘട്ട വികസനങ്ങൾ പൂർത്തിയാകുമ്പോൾ ഏകദേശം 1,10,000-ത്തിൽപരം തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) ടെക്നോപാർക്കിലും ഇൻഫോപാർക്കിലുമുള്ള വിവിധ കമ്പനികളിലായി ഇപ്പോൾ ഏകദേശം 34,500 പേർ ജോലി ചെയ്തുവരുന്നു.

കരിങ്കുന്നത്ത് ടെക്നോലോഡ്ജ് ആരംഭിക്കുന്നതിനുള്ള നടപടി

80 (93) ശ്രീ. പി. ജെ. ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ടെക്നോലോഡ്ജുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) ഇവയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) ഇടുക്കി ജില്ലയിലെ കരിങ്കുന്നത്ത് അനുവദിച്ച ടെക്നോലോഡ്ജിന്റെ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും ;

(ഡി) ഇതിനായി കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ് ?

ഉത്തരം

(എ&ബി) ഇപ്പോൾ കൊല്ലം ജില്ലയിലെ കടയ്ക്കലും, പെരിനാടുമാണ് ടെക്നോലോഡ്ജുകൾ പ്രവർത്തിക്കുന്നത്. ഇതിലേക്ക് ആവശ്യമായ സ്ഥലസൗകര്യം, വൈദ്യുതി, വെള്ളം എന്നീ അടിസ്ഥാന സൗകര്യങ്ങൾ നൽകിയിട്ടുണ്ട്.

(സി&ഡി) കരിങ്കുന്നത്ത് അനുവദിച്ച ടെക്നോലോഡ്ജ് സജ്ജമാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. നടപടികൾ പൂർത്തിയാവുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുവാൻ കഴിയുന്നതാണ്.

വടക്കാഞ്ചേരി മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും അനുവദിച്ച ധനസഹായം

81 (94) ശ്രീ. എ. സി. മൊയ്തീൻ : താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly